ആദിവാസി സെറ്റിൽമെന്റുകളിലെ സൗകര്യങ്ങൾ

105 [1450] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. സുധാകരൻ:
,, വി. ജെ. പൗലോസ്:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആദിവാസി സെറ്റിൽമെന്റുകളുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണത്തിൽ എത്തിച്ചേരുന്നതിന് ആധുനിക റോഡുകളും ബസ് സർവ്വീസുകളുമുണ്ട്;

(സി) എത്ര ആദിവാസി സെറ്റിൽമെന്റുകളിൽ പ്രാഥമിക ചികിത്സക്കുള്ള സൗകര്യമുണ്ട്;

(ഡി) എത്ര ആദിവാസി സെറ്റിൽമെന്റുകളിൽ 7-ാം ക്ലാസ്സുവരെ ഉള്ള വിദ്യാഭ്യാസ സൗകര്യമുണ്ട്;

(ഇ) 7-ാം ക്ലാസ്സിനു മുകളിലുള്ള പഠനത്തിന് ഈ സെറ്റിൽമെന്റുകളിൽ നിന്ന് എത്ര ദൂരം പോകേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-97-ലെ സർവ്വേ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 4082 ആദിവാസി സെറ്റിൽമെന്റുകളുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 17 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആയുർവേദ ഡിസ്പെൻസറികളും ഒരു സെറ്റിൽമെന്റിൽ ആയുർവേദ ആശുപത്രിയും, ആറ് സെറ്റിൽമെന്റുകളിൽ അലോപ്പതി ഒ. പി. ക്ലിനിക്കുകളും രണ്ട് സെറ്റിൽമെന്റുകളിൽ എ. എൻ. എം. സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ഇവ സ്ഥിതിചെയ്യുന്ന സെറ്റിൽമെന്റുകളുടെ സമീപത്തുള്ള മറ്റ് സെറ്റിൽമെന്റുകളിലെ പട്ടികവർഗ്ഗക്കാർക്കു കൂടി ഇവയുടെ സേവനം ലഭ്യമാണ്. വയനാട്ടിലെ എല്ലാ സെറ്റിൽമെന്റുകളിലേയും ആദിവാസികളുടെ ചികിത്സക്കായി നല്ലൂർനാട്ടിൽ ഒരു ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ പട്ടികവർഗ്ഗ മേഖലയിൽ ആരോഗ്യ വകുപ്പിന്റെ 43 പ്രൈമറി ഹെൽത്ത് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ചികിത്സാ സൗകര്യം ലഭ്യമല്ലാത്ത സെറ്റിൽമെന്റുകൾക്കായി ആരോഗ്യ വകുപ്പിനു കീഴിൽ 11 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും, പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly